പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 189

# 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 189

# 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

132/2024.

പതിനഞ്ചാം കേരള നിയമസഭ
ബിൽ നമ്പർ 189

# 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2023 ഒക്ടോബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റിലെ (2017-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2-ാം വകുപ്പിൽ,—

(എ) (80)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

“(80 എ.) "ഓൺലൈൻ ഗെയ്മിംഗ്" എന്നാൽ ഇന്റർനെറ്റ് അല്ലെങ്കിൽ ഇലക്ട്രോണിക് നെറ്റ് വർക്ക് വാഗ്ദാനം ചെയ്യപ്പെടുന്ന ഗെയ്മിംഗ് എന്ന് അർത്ഥമാകുന്നതും അതിൽ ഓൺലൈൻ മണിഗെയ്മിംഗ് ഉൾപ്പെടുന്നതുമാണ്;

(80 ബി.) "ഓൺലൈൻ മണിഗെയ്മിംഗ്" എന്നാൽ കളി, സ്കീം, മത്സരം അല്ലെങ്കിൽ ഏതെങ്കിലും പ്രവർത്തനമോ പ്രക്രിയയോ, അതിന്റെ ഫലമോ, പ്രകടനമോ, വൈദഗ്ധ്യത്തെയോ സാധ്യതയോ അല്ലെങ്കിൽ രണ്ടിലും അടിസ്ഥാനമാക്കിയോ അല്ലാതെയോ ആയത് അല്ലാത്തപക്ഷം നിലവിൽ പ്രാബല്യത്തിലുള്ള നിയമപ്രകാരം

അനുവദനീയമായിട്ടുള്ളതുമായ ഏതെങ്കിലും മത്സരഇനത്തിൽ വെർച്വൽ ഡിജിറ്റൽ അസറ്റ് ഉൾപ്പെടെ പണമോ പണത്തിന്റെ മൂല്യമോ നേടാമെന്ന പ്രതീക്ഷയിൽ, വെർച്വൽ ഡിജിറ്റൽ അസറ്റ് ഉൾപ്പെടെ പണമോ പണത്തിന്റെ മൂല്യമോ, കളിക്കാർ ഒടുക്കുകയോ നിക്ഷേപിക്കുകയോ ചെയ്യുന്ന ഓൺലൈൻ ഗെയ്മിംഗ് എന്നർത്ഥമാകുന്നു.".

(ബി) (102)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

(102 എ) "പ്രത്യേകം വ്യവഹാരപ്പെടുന്ന അവകാശവാദം" എന്നാൽ—

(i) വാതുവെയ്പ്പ്;

(ii) കാസിനോകൾ;

(iii) ചൂതാട്ടം;

(iv) കുതിരപ്പന്തയം;

(v) ഭാഗ്യക്കുറി; അല്ലെങ്കിൽ

(vi) ഓൺലൈൻ മണിഗെയ്മിംഗ്

വഴിയോ അല്ലെങ്കിൽ അതിൽ ഉൾപ്പെടുന്നതോ ആയ വ്യവഹാരപ്പെടുന്ന അവകാശവാദം എന്നർത്ഥമാകുന്നു.

(സി) (105)-ാം ഖണ്ഡത്തിന്റെ അവസാനത്തിൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഒരു വ്യക്തി നേരിട്ടോ അല്ലാതെയോ ഒരു നിശ്ചിത വ്യവഹാരപ്പെടാവുന്ന അവകാശവാദത്തിന്റെ വിതരണം സംഘടിപ്പിക്കുകയോ ക്രമീകരിക്കുകയോ ചെയ്യുന്ന, അത്തരം ഡിജിറ്റൽ അല്ലെങ്കിൽ ഇലക്ട്രോണിക് പ്ലാറ്റ്ഫോമിന്റെ വിതരണം സ്വന്തമായുള്ളതോ പ്രവർത്തിപ്പിക്കുന്നതോ കൈകാര്യം ചെയ്യുന്നതോ ആയ ഒരു വ്യക്തി ഉൾപ്പെടെ, അത്തരം വ്യവഹാരപ്പെടാവുന്ന അവകാശവാദത്തിൽ അയാളോ അയാൾ മുഖേനയോ വിതരണം ചെയ്യുകയോ അത്തരം വ്യവഹാരപ്പെടാവുന്ന അവകാശവാദത്തിന്റെ വിതരണത്തിനായി പണം ഒടുക്കുകയോ അയാൾക്കോ അയാൾ വഴിയോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ അയാളുടെ തീർപ്പിലോ ഉള്ളതായ വെർച്വൽ ഡിജിറ്റൽ അസറ്റ്

ഉൾപ്പെടെ പണമോ പണത്തിന്റെ മൂല്യമോ പ്രതിഫലമായോ ലഭിക്കുന്നവരെ വ്യവഹാരപ്പെടാവുന്ന അവകാശവാദത്തിന്റെ വിതരണക്കാരൻ എന്ന് കരുതപ്പെടുന്നതും അത്തരം വ്യവഹാരപ്പെടാവുന്ന അവകാശവാദത്തിന്റെ വിതരണവുമായി ബന്ധപ്പെട്ട നികുതി ഒടുക്കാൻ ബാധ്യസ്ഥനായ വിതരണക്കാരൻ എന്നപോലെ ഈ ആക്റ്റിലെ എല്ലാ വ്യവസ്ഥകളും അത്തരം നിശ്ചിത വ്യവഹാരപ്പെടാവുന്ന അവകാശവാദത്തിന്റെ വിതരണക്കാരന് ബാധകമാകുന്നതുമാണ്."

(ഡി) (117)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(117എ.)" വെർച്വൽ ഡിജിറ്റൽ അസറ്റ്" എന്നതിന് 1961-ലെ ആദായനികുതി ആക്റ്റിന്റെ (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിന്റെ (47എ)-ാം ഖണ്ഡത്തിൽ നൽകിയിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്.

3. <u>24-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 24-ാം വകുപ്പിൽ, (xi)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xiഎ) ഇന്ത്യക്ക് പുറത്തുള്ള ഒരു സ്ഥലത്തുനിന്നും ഇന്ത്യയിലുള്ള ഒരു വ്യക്തിയ്ക്ക് ഓൺലൈൻ മണിഗെയ്മിംഗ് വിതരണം ചെയ്യുന്ന എല്ലാ വ്യക്തികളും;".

4. <u>III-ാം പട്ടികയുടെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ III-ാം പട്ടികയിൽ, 6-ാം ഖണ്ഡികയിൽ, " ലോട്ടറിയോ ബെറ്റിങ്ങോ ചൂതാട്ടമോ" എന്നീ വാക്കുകൾക്കുപകരം "പ്രത്യേകം വ്യവഹാരപ്പെടാവുന്ന അവകാശവാദങ്ങൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. <u>പരിവർത്തനകാലത്തേക്കുള്ള വ്യവസ്ഥ.</u>—ഈ ആക്റ്റ് പ്രകാരമുള്ള ഭേദഗതികൾ വാതുവെയ്പ്പോ, കാസിനോയോ, ചൂതാട്ടമോ, കുതിരപ്പന്തയമോ, ഭാഗ്യക്കുറിയോ, ഓൺലൈൻ മണി ഗെയ്മിംഗോ നിരോധിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെയായിരിക്കേണ്ടതാണ്.

6. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2023-ലെ കേരള ചരക്ക് സേവന നികുതി (ഭേദഗതി) ഓർഡിനൻസ് (2024-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ചരക്ക് സേവന നികുതി കൗൺസിൽ അതിന്റെ 51-ാമത് യോഗത്തിൽ കാസിനോകളുടെയും കുതിരപ്പന്തയത്തിന്റെയും ഓൺലൈൻ ചൂതാട്ടത്തിന്റെയും നികുതിബാധ്യത സംബന്ധിച്ച് വിവിധ സംഘടനകളുടെ നിവേദനം പരിഗണിക്കുകയും 2017-ലെ കേന്ദ്ര ചരക്ക് സേവന നികുതി ആക്റ്റിൽ ഭേദഗതി വരുത്തുവാൻ ശിപാർശ ചെയ്യുകയും 2023-ലെ കേന്ദ്ര ചരക്ക് സേവന നികുതി (ഭേദഗതി) ആക്റ്റ് (2023-ലെ 30-ാം കേന്ദ്ര ആക്റ്റ്) വഴി ഭേദഗതികൾ വരുത്തിയിട്ടുള്ളതുമാണ്. സംസ്ഥാന ചരക്ക് സേവന നികുതി നിയമത്തിൽ തദനുസരണമായ ഭേദഗതികൾ വരുത്തുവാൻ കൂടി അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. 2023 സെപ്റ്റംബർ 29-ാം തീയതിയിലെ 48/2023 വിജ്ഞാപനപ്രകാരം കേന്ദ്രസർക്കാർ, 2023-ലെ കേന്ദ്ര ചരക്ക് സേവന നികുതി (ഭേദഗതി) ആക്റ്റ് (2023-ലെ 30-ാം കേന്ദ്ര ആക്റ്റ്)-ന്റെ പ്രാബല്യത്തീയതി 2023 ഒക്ടോബർ 1-ാം തീയതി നിശ്ചയിച്ചിട്ടുള്ളതാണ്. 2023-ലെ കേന്ദ്ര ചരക്ക് സേവന നികുതി (ഭേദഗതി) ആക്റ്റിന് (2023-ലെ 30-ാം കേന്ദ്ര ആക്റ്റ്) അനുസൃതമായി 2023 ഒക്ടോബർ 1-ാം തീയതി പ്രാബല്യം നൽകിക്കൊണ്ട്, വ്യവസ്ഥകൾ നടപ്പിലാക്കുന്നത് ഏകീകരിക്കുന്നതിലേയ്ക്കായി, കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റിൽ അനുയോജ്യമായ ഭേദഗതി കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2023-ലെ കേരള ചരക്ക് സേവന നികുതി (ഭേദഗതി) ഓർഡിനൻസ് 2024 ജനുവരി 4-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2024 ജനുവരി 5-ാം തീയതിയിലെ 52-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2024-ലെ 1-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

2024-ലെ 1-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ.എൻ. ബാലഗോപാൽ.

(ശരിത്തർജ്ജമ)

## 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (2017-ലെ 20)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(1) "വ്യവഹാരപ്പെടാവുന്ന അവകാശവാദം" എന്നതിന് 1882-ലെ വസ്തു കൈമാറ്റ ആക്റ്റ് (1882-ലെ 4-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പിൽ നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

** ** ** **

(80) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നതും 'വിജ്ഞാപനം ചെയ്യുക', 'വിജ്ഞാപനം ചെയ്തു' എന്നീ പദപ്രയോഗങ്ങൾ അതനുസരിച്ച് വ്യാഖ്യാനിക്കേണ്ടതുമാണ്;

** ** ** **

(102) "സേവനങ്ങൾ" എന്നാൽ ചരക്കുകൾ, പണം, സെക്യൂരിറ്റികൾ എന്നിവ ഒഴികെയുള്ള ഏതൊരു കാര്യവും എന്നർത്ഥമാകുന്നതും അതിൽ പണത്തിന്റെ ഉപയോഗം അല്ലെങ്കിൽ ക്യാഷായോ മറ്റ് ഏതെങ്കിലും വിധത്തിലോ, അത് ഒരു രൂപത്തിൽ നിന്നോ കറൻസിയിൽ നിന്നോ ഡിനോമിനേഷനിൽ നിന്നോ മറ്റൊരു രൂപത്തിലേക്കോ കറൻസിയിലേക്കോ ഡിനോമിനേഷനിലേക്കോ രൂപാന്തരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതും ആയതിന് ഒരു പ്രത്യേക പ്രതിഫലം ചുമത്തുന്നതുമാണ്;

** ** ** **

(105) ഏതെങ്കിലും ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ രണ്ടുമോ സംബന്ധിച്ച് വിതരണക്കാർ എന്നതിന് സേവനങ്ങളോ ചരക്കുകളോ രണ്ടും കൂടിയോ വിതരണം ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നതും വിതരണം ചെയ്യപ്പെട്ട ചരക്കുകളോ സേവനങ്ങളോ രണ്ടും കൂടിയോ സംബന്ധിച്ച് അപ്രകാരം വിതരണം ചെയ്യുന്ന ആൾക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒരു ഏജന്റ് ഉൾപ്പെടുന്നതുമാകുന്നു;

** ** ** **

(117) "സാധുവായ റിട്ടേൺ" എന്നാൽ 39-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടുള്ള സ്വയംതിട്ടപ്പെടുത്തിയ നികുതി പൂർണ്ണമായും നൽകിയ ഒരു റിട്ടേൺ എന്നർത്ഥമാകുന്നു;

** ** ** **

24. <u>ചില സംഗതികളിൽ നിർബന്ധിത രജിസ്ട്രേഷൻ</u>.—22-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെട്ട ആളുകൾ നിർബന്ധമായും ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്,—

(i) നികുതിവിധേയമായ അന്തർ സംസ്ഥാന വിതരണം നടത്തുന്ന ആളുകൾ;

** ** ** **

(xi) ഇന്ത്യക്ക് പുറത്തുനിന്നും, ഓൺലൈൻ ഇൻഫർമേഷൻ ഡാറ്റാബേസ് അക്സസ് അല്ലെങ്കിൽ റിട്രീവൽ സർവ്വീസ്, രജിസ്റ്റർ ചെയ്യാത്ത ഒരാൾ അല്ലാതെയുള്ള ഒരാൾക്ക് വിതരണം ചെയ്യുന്ന ഓരോ ആളും;

** ** ** **

## <u>പട്ടിക III</u>

(7-ാം വകുപ്പ് കാണുക)

## ചരക്കുകളുടെ വിതരണമായോ സേവനങ്ങളുടെ വിതരണമായോ കരുതപ്പെടാത്ത പ്രവർത്തനങ്ങളോ ഇടപാടുകളോ

1. തൊഴിൽ ചെയ്യുമ്പോഴോ അതുമായി ബന്ധപ്പെട്ടോ ഒരു തൊഴിലാളി ഒരു തൊഴിലുടമയ്ക്ക് നൽകുന്ന സേവനം.

** ** ** **

6. ലോട്ടറിയോ, ബെറ്റിങ്ങോ, ചൂതാട്ടമോ അല്ലാത്ത വ്യവഹാരപ്പെടാവുന്ന അവകാശവാദം.

** ** ** **